# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)എറണാകുളം

പാർക്ക് അവന്യൂ, എറണാകുളം - 682 011

☎ 0484 -2360802 ✉ dmohekmoffice@gmail.com


**ഭരണഭാഷ മാതൃഭാഷ**

**രജിസ്റ്റേർഡ് കത്ത് കൈപ്പറ്റ് രസീത് സഹിതം**

നമ്പർ : എ6-3502/2023

തീയതി: 25.01.2025

## അനുബന്ധം H4

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീമതി. ഷഹന (പെൻ 950751) എന്ന താങ്കൾ കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ ജോലി നോക്കിവരവെ 16.04.2023 തീയതി മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നു എന്ന് സ്ഥാപനമേധാവി റിപ്പോർട്ട് ചെയ്തിരുന്നു. അതേതുടർന്ന് താങ്കളുടെ പേരിൽ 1960-ലെ കേരള സിവിൽ സർവ്വീസ് ( തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം ഉദ്ദേശിച്ചിട്ടുള്ള തരത്തിൽ അച്ചടക്ക നടപടികൾ എടുത്തുകൊണ്ട് 15.05.2024-ൽ താങ്കൾക്ക് കുറ്റാരോപണ മെമ്മോ താങ്കളുടെ വീട്ട് അഡ്രസിൽ നൽകിയിരുന്നു. ആയത് പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്നും Out of Inida എന്ന് രേഖപ്പെടുത്തി മടക്കി കിട്ടുകയാണുണ്ടായത്. തുടർന്ന് ചാർജ് മെമ്മോ പത്രത്തിൽ പ്രസിദ്ധികരിക്കുകയും താങ്കൾക്ക് പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് 15 ദിവസം അനുവദിക്കുകയും ചെയ്തിരുന്നു, എന്നിട്ടും താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കാൻ സന്നദ്ധ പ്രകടിപ്പിക്കുകയോ പ്രതിവാദ പത്രിക സമർപ്പിക്കുകയോ ചെയ്തിട്ടില്ല. 15.03.2023-ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ അവധി അനുവദിച്ച് ലഭിക്കാതെ തന്നെ 16.04.2023 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണ്.

മേൽക്കാരണങ്ങളാൽ, താങ്കളുടെ Work & Conduct തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ 1958-ലെ KS&SSR Part II ചട്ടം 19(a)(ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും താല്ക്കാലികമായി തീരുമാനിക്കുന്നു. ടി. തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

ടി. വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൻസംബന്ധമായ വിശദീകരണം താങ്കളിൽ നിന്നും ടി. കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ

അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. ആശാദേവി
ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം),
എറണാകുളം.

**സ്വീകർത്താവ് :** ശ്രീമതി. ഷഹന, നേഴ്സിംഗ് ഓഫീസർ ഗ്രേഡ് II,

**പകർപ്പ് :**
1. സൂപ്രണ്ട്, ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി
2. ഫയൽ/കരുതൽ ഫയൽ.

ടി.ബി